(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) താഴെ പറയുന്ന 9 റോഡുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

1. ചൂളപ്പുര റോഡ്
2. തേങ്ങര റോഡ്.
3. അരിവാളം റോഡ്
4. ഓടയം റോഡ്
5. വാന്തര-ലക്ഷംവീട് ചിറയിൽ റോഡ്
6. ഊറ്റുകുഴി റോഡ്
7. വെട്ടൂർ ഫിഷർമെൻ കോളനി വള്ളക്കടവ് റോഡ്
8. ഓടയം പറമ്പിൻമുല്ലവിളാകം റോഡ്
9. തിരുവമ്പാടിക്കുളങ്ങര റോഡ്

(ഇ) ചൂളപ്പുര റോഡ്, തേങ്ങര റോഡ്, അരിവാളം റോഡ്, ഓടയം റോഡ്, വാന്തര ലക്ഷം വീട് ചിറയിൽ റോഡ്, ഊറ്റുകുഴി റോഡ് എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശേഷിച്ച റോഡുകളുടെ നിർമ്മാണപ്രവർത്തനം നടത്തുന്നതാണ്.

ഫിഷറീസ് വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

6 (3645) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ടെക്നിക്കൽ ഹൈസ്കൂൾ ഉൾപ്പെടെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവ എവിടെയെല്ലാമാണ് ;

(ബി) ഇവ ഓരോന്നിന്റെയും പ്രവർത്തന ക്ഷമതയും വിദ്യാർത്ഥികളുടെ സ്ട്രെംഗ്തും അറിയിക്കാമോ ;

(സി) ഈ വകുപ്പിനു കീഴിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ താഴെ പറയുന്ന 9 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, വലിയതുറ, തിരുവനന്തപുരം.
2. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം.
3. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ.
4. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര, എറണാകുളം.
5. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ചാവക്കാട്, തൃശ്ശൂർ.
6. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം.
7. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ബേപ്പൂർ, കോഴിക്കോട്.
8. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ഫോർഗേൾസ്, കൊയിലാണ്ടി, കോഴിക്കോട്.
9. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അഴീക്കൽ, കണ്ണൂർ.

(ബി) വിവരം അനുബന്ധമായികൊടുത്തിരിക്കുന്നു.†

(സി) കാസർഗോഡ് ജില്ലയിൽ ഒരു ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മത്സ്യബന്ധന മേഖലയ്ക്കുവേണ്ടി മണ്ണെണ്ണ

7 (3646) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മത്സ്യബന്ധന മേഖലയ്ക്കുവേണ്ടി എത്ര ടൺ മണ്ണെണ്ണ ഓരോ വർഷവും മത്സ്യ ഫെഡ്ഡിലൂടെ വിതരണം ചെയ്യുന്നുണ്ട് ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട മണ്ണെണ്ണ നൽകാനും കരിഞ്ചന്ത തടയാനും പ്രത്യേക ബൂത്തുകൾ സ്ഥാപിച്ച് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടിയെടുക്കുമോ ;

(സി) മണ്ണെണ്ണ പെർമിറ്റ് ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6 (3645) ദയവായി കാണുക]

1. ഗവ: റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ വലിയതുറ, തിരുവനന്തപുരം

നടപ്പു വർഷം 8, 9, 10 ക്ലാസുകളിലായി യഥാക്രമം 26, 27, 28 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്ന 25 പേരിൽ 19 പേർ പാസ്സായി. ഒരു പ്രിൻസിപ്പാളും 5 ഹൈസ്കൂൾ അസിസ്റ്റന്റും, ഒരു ടെക്നിക്കൽ അസിസ്റ്റന്റും, ഒരു മെക്കാനിക്കൽ ഇൻസ്ട്രക്ടറും ഒരു പി. ഇ. ടീച്ചറും അടങ്ങുന്ന ടീച്ചിംഗ് സ്റ്റാഫും 8 നോൺ ടീച്ചിംഗ് സ്റ്റാഫും സ്കൂളിലുണ്ട്.

2. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം.

ഈ അദ്ധ്യായന വർഷം 8, 9, 10 ക്ലാസുകളിലായി യഥാക്രമം 39, 25, 8 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തി വരുന്നു. 1999 മാർച്ചിൽ ഈ സ്ക്കൂളിൽ നിന്നും എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ കുട്ടികളിൽ 77% പേർ പാസ്സായി. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നു ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 ടീച്ചിംഗ് സ്റ്റാഫും ഫിഷറീസിൽ നിന്നും 3 ടീച്ചിംഗ് സ്റ്റാഫും 9 നോൺ ടീച്ചിംഗ് സ്റ്റാഫും സ്കൂളിലുണ്ട്.

3. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ

ഈ അദ്ധ്യായന വർഷം 8, 9, 10 ക്ലാസുകളിലായി യഥാക്രമം 34, 24, 22 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 75% പേർ പാസ്സായി. ഹെഡ്മാസ്റ്റർ ഉൾപ്പെടെ ടീച്ചിംഗ് സ്റ്റാഫ് 8 പേരും നോൺ ടീച്ചിംഗ് സ്റ്റാഫ് 7 പേരും ഉണ്ട്.

4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര, എറണാകുളം

ഈ അദ്ധ്യായന വർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 38, 25, 24 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥികളിൽ 87% പേർ പാസ്സായി. ഈ സ്ക്കൂളിൽ ഹെഡ്മാസ്റ്റർ അടക്കം 9 ടീച്ചിംഗ് സ്റ്റാഫും 8 നോൺ ടീച്ചിംഗ് സ്റ്റാഫും ഉണ്ട്.

5. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ചാവക്കാട്,

LIBRARY ARCHIVES Kerala Legislative Assembly

തൃശൂർ

ഈ വർഷം 8, 9, 10 എന്നീ ക്ലാസുകളിൽ യഥാക്രമം 18,7, 6 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്ന വിദ്യാർത്ഥികളിൽ 60% പേർ വിജയിച്ചു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ ടീച്ചിംഗ് സ്റ്റാഫ് 8 പേരും നോൺ ടീച്ചിംഗ് സ്റ്റാഫ് 6 പേരും ഉണ്ട്.

6. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം

ഈ അദ്ധ്യായന വർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 12, 8, 16 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷക്കിരുന്ന 13 പേരിൽ 4 പേർ വിജയിച്ചു.

7. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അഴീക്കൽ, കണ്ണൂർ

ഈ അദ്ധ്യായന വർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 39, 33, 32 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ 32 പേരിൽ 13 പേർ വിജയിച്ചു. ഒരു ഹെഡ്മാസറ്ററും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള 5 അദ്ധ്യാപകരും ഫിഷറീസിൽ നിന്നുള്ള 2 അദ്ധ്യാപകരും. അടങ്ങുന്നതാണ് ടീച്ചിംഗ് സ്റ്റാഫ്. നോൺ ടീച്ചിംഗ് സ്റ്റാഫ് 6 പേരുണ്ട്.

8. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ (പെൺകുട്ടികൾക്ക് മാത്രം) കൊയിലാണ്ടി, കോഴിക്കോട്

ഈ അദ്ധ്യായന വർഷം 8, 9, 10 ക്ലാസ്സുകളിലായി യഥാക്രമം 40, 21, 20 വിദ്യാർത്ഥികൾ അദ്ധ്യായനം നടത്തുന്നു. കഴിഞ്ഞ വർഷം എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ 15 പേരിൽ 15 പേരും പാസ്സായി (6 ഫസ്റ്റ്ക്ലാസ്സ്, 4 സെക്കന്റ് ക്ലാസ്)

ഹെഡ്മാസ്റ്റർ ഉൾപ്പെടെ 11 ടീച്ചിംഗ് സ്റ്റാഫും 5 നോൺ ടീച്ചിംഗ് സ്റ്റാഫും ഉണ്ട്.

9. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ബേപ്പൂർ, കോഴിക്കോട്

ഈ അദ്ധ്യായന വർഷം 8, 9, 10 ക്ലാസ്സുകളിലായി യഥാക്രമം 1, 8, 5 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി വരുന്നു. കഴിഞ്ഞ മാർച്ചിൽ എസ്. എസ്. എൽ. സി. പരീക്ഷക്കിരുന്ന 5 വിദ്യാർത്ഥികളിൽ ഒരാൾ വിജയിച്ചു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 9 ടീച്ചിംഗ് സ്റ്റാഫും 6 നോൺ ടീച്ചിംഗ് സ്റ്റാഫും സ്കൂളിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly